

കോയമ്പത്തൂർ കാരമട ഗുഡ്ഷെപ്പേർഡ് ഹെൽത്ത് എജ്യുക്കേഷൻ സെന്റർ ആൻഡ് ഡിസ്പെൻസറി, ചെന്നൈയിലെ നാളികേര വികസന ബോർഡ് എന്നിവ ചേർന്ന് നടത്തുന്ന തെങ്ങു കയറ്റ പരിശീലനം.

# കോയമ്പത്തൂരിൽ സൗജന്യ തെങ്ങു കയറ്റ പരിശീലനം തുടങ്ങി

**കോയമ്പത്തൂർ** • കാരമട ഗുഡ്ഷെപ്പേർഡ് ഹെൽത്ത് എജ്യുക്കേഷൻ സെന്റർ ആൻഡ് ഡിസ്പെൻസറി ചെന്നൈയിലെ നാളികേര വികസന ബോർഡുമായി ചേർന്ന് ജില്ലയിലെ നൂറു പേർക്ക് സൗജന്യ തെങ്ങു കയറ്റ പരിശീലനം നൽകുന്നു. ആദ്യ ബാച്ചിൽപ്പെട്ട 19 സ്ത്രീകൾ അടക്കം 20പേർ ഇന്നലെ പരിശീലനം തുടങ്ങി. ചെന്നൈ നാളികേര വികസന ബോർഡ് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ സുബ്രഹ്മണ്യം ഉദ്ഘാടനം ചെയ്തു. അവിനാശിലിംഗം കൃഷി വിജ്ഞാൻ കേന്ദ്രം ഡയറക്ടർ ഡോ. കുമാരവടിവേലു, കോ-ഓർഡിനേറ്റർ ഭാനുമതി, എലിസബത്ത്, ഭാഗ്യരാജ്, പരിശീലകർ പ്രഭു, ജീവാനന്ദം എന്നിവർ പ്രസംഗിച്ചു. മാത്തുക്കുളം നാളികേര ഉൽപാദക സംഘം പ്രസിഡന്റ് ജയമണി കേര വൃക്ഷങ്ങളുടെ പരിപാലനം രോഗപ്രതിരോധ മാർഗങ്ങൾ എന്നിവ സംബന്ധിച്ച് ക്ലാസെടുത്തു. അഞ്ചു ബാച്ചുകളായി നടത്തുന്ന പരിശീലന പരിപാടിയിൽ തെങ്ങു കയറ്റം തൊഴിലാളി സ്വീകരിക്കാൻ തയാറുള്ള 45 വയസ്സിൽ കുറഞ്ഞ പ്രായമുള്ള ആർക്കും പങ്കെടുക്കാം. ഓരോ ബാച്ചിനും ആറു ദിവസമാണു പരിശീലന കാലാവധി. പങ്കെടുക്കുന്നവർക്ക് ഭക്ഷണം, താമസം എന്നിവയും മൂവായിരം രൂപ വിലയുള്ള തെങ്ങു കയറ്റ യന്ത്രവും സൗജന്യമായി നൽകുമെന്ന് ഗുഡ് ഷെപ്പേർഡ് ഹെൽത്ത് എജ്യുക്കേഷൻ സെന്റർ ഡയറക്ടർ സിസ്റ്റർ അനിലാ മാത്യു അറിയിച്ചു.